# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 4241 — 17.05.2017 ൽ മറുപടിക്ക്

## ടി.പി.സെൻകുമാർ നൽകിയ അപ്പീലുകളിൽ ഹാജരായ അഭിഭാഷകർക്ക് നൽകിയ ഫീസ്

| ചോദ്യം: | ഉത്തരം : |
| --- | --- |
| ശ്രീ. റോജി എം. ജോൺ | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) പോലീസ് മേധാവി സ്ഥാനത്ത് നിന്നും നീക്കിയ നടപടി ചോദ്യം ചെയ്തുകൊണ്ട് ടി.പി.സെൻകുമാർ കേരള ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നൽകിയ അപ്പീലുകളിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് ഈ കോടതികളിൽ ഹാജരായി വാദിച്ചത്; | (എ) ശ്രീ.ടി.പി.സെൻകുമാർ കേരളാ ഹൈക്കോടതിയിൽ നല്കിയ കേസ്സിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ഹാജരായത് അഡ്വക്കേറ്റ് ജനറലാണ്. സുപ്രീം കോടതിയിൽ നൽകിയ അപ്പീലിൽ ഹാജരായത് സീനിയർ അഡ്വക്കേറ്റ്മാരായ ശ്രീ.ഹരീഷ് സാൽവെയും, ശ്രീ.പി.പി.റാവുവും, കേരളാ ഗവൺമെന്റിന്റെ സ്റ്റാൻഡിംഗ് കൗൺസൽ ശ്രീ.ജി.പ്രകാശുമാണ്. |
| (ബി) സർക്കാർ അഭിഭാഷകരും, അഡ്വക്കേറ്റ് ജനറലും ഒഴികെ പ്രസ്തുത കേസുകളിൽ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഹാജരായ അഭിഭാഷകർക്ക് ഇതുവരെ എത്ര തുക ഫീസായി നൽകി; ഓരോരുത്തർക്കും നൽകിയ ഫീസ് എത്ര വീതമെന്ന് അറിയിക്കുമോ; | (ബി) ഇതുവരെയും ഫീസ് നൽകിയിട്ടില്ല. |
| (സി) വക്കീൽ ഫീസിന് പുറമെ വിമാനയാത്രാക്കൂലി, താമസസൗകര്യം എന്നീ ഇനങ്ങളിൽ ഓരോരുത്തർക്കും വേണ്ടി ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്താമോ? | (സി) തുക ചെലവായിട്ടില്ല. |

Manoj M

സെക്ഷൻ ഓഫീസർ